**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1573** **15-03-2022 - ൽ മറുപടിയ്ക്ക്**

**നെൽകൃഷി വ്യാപിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടത്തിവരുന്നുണ്ടെന്ന് അറിയിക്കാമോ; | (എ) | സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്തെ, 2015-16മുതൽ 2020-21വരെയുള്ള വർഷങ്ങളിലെ നെൽകൃഷിയുടെ വിസ്തൃതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | നെൽകൃഷി കൂടുതൽ സ്ഥലത്തേക്ക് വ്യാപിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | നെൽകൃഷി കൂടുതൽ സ്ഥലത്തേക്ക് വ്യാപിപ്പിക്കുന്നതിന് തരിശ് നെൽകൃഷി പ്രോത്സാഹനം, കരനെൽകൃഷി, ഒരുപ്പൂ-ഇരുപ്പൂകൃഷി, പ്രത്യേക നെല്ലിനങ്ങളുടെ കൃഷി എന്നിങ്ങനെയുള്ള പദ്ധതികൾ കൃഷിവകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. അവയുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു. തരിശുനിലകൃഷി: തരിശിട്ടിരിക്കുന്ന വയലുകളിൽ നെൽകൃഷി വ്യാപിപ്പിക്കുന്ന തിനായി ഹെക്ടർ ഒന്നിന് 35000രൂപ കർഷകനും 5000 രൂപ ഭൂവുടമക്കും ചേർത്ത് ആകെ 40,000/- രൂപ സബ്സിഡി നൽകുന്നു. 2021-22 വർഷത്തിൽ തരിശുനില കൃഷി പദ്ധതി പ്രകാരം 750ഹെക്ടറിൽ ഈ പദ്ധതി നടപ്പിലാക്കുകയും അതിനായി 300 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. കരനെൽകൃഷി വികസനം: കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ഹെക്ടറിന് 13600/- രൂപ നിരക്കിൽ കർഷകർക്ക് ആനുകൂല്യം നൽകുന്നുണ്ട്. 2021-22 വർഷത്തിൽ 404.41ഹെക്ടറിൽ ഈ പദ്ധതി നടപ്പിലാക്കുകയും അതിനായി 55 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി : ഒരു സീസണിൽ മാത്രം നെൽകൃഷി ചെയ്തു വരുന്ന നിലങ്ങളിൽ (ഒരുപ്പൂ) രണ്ടാമതൊരു സീസണിൽ കൂടി നെൽകൃഷി ചെയ്യുന്നതിന് (ഇരുപ്പൂ) ഹെക്ടറൊന്നിന് 10000 രൂപ നിരക്കിൽ കർഷകർക്ക് ആനുകൂല്യം നൽകുന്നുണ്ട്. 2021-22 വർഷത്തിൽ ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി 500ഹെക്ടറിൽ നടപ്പിലാക്കുകയും അതിനായി 50 |

| | | | |
|---|---|---|---|
| | | | ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം : പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി, ബസ്മതി) വികസനത്തിനായി ഹെക്ടറിന് 10000/- രൂപ സബ്സിഡി നിരക്കിൽ കർഷകർക്ക് ധനസഹായം നൽകി വരുന്നു. 2021-22 വർഷത്തിൽ 500ഹെക്ടറിൽ ഈ പദ്ധതി നടപ്പിലാക്കുകയും അതിനായി 50 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. ഇതിനു പുറമെ, കേരളത്തിലെ തരിശ് ഭൂമികളെ കൃഷി യോഗ്യമാക്കുന്നത് ലക്ഷ്യമിട്ടു കൊണ്ട് നടപ്പിലാക്കി വരുന്ന സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തിയും തരിശ് നെൽകൃഷി നടപ്പിലാക്കുന്നുണ്ട്. |
| (സി) | നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നെൽവയലിന് എല്ലാ വർഷവും റോയൽറ്റി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ? | (സി) | ഉണ്ട്. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്ന തിനായി നെൽവയലുകളുടെ ഉടമസ്ഥർക്ക് 2020-21 സാമ്പത്തിക വർഷം മുതൽ റോയൽറ്റി നൽകി വരുന്നു. 2021-22 സാമ്പത്തിക വർഷം 900 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. നെൽവയലുകൾ രൂപമാറ്റം വരുത്താതെ നിലനിർത്തി സംരക്ഷിക്കുകയും കൃഷിക്കായി ഉപയുക്തമാക്കുകയും ചെയ്യുന്ന നെൽവയലു കളുടെ ഉടമകൾക്കാണ് (owners of cultivable paddy land) ഹെക്ടറിന് 2000രൂപ നിരക്കിൽ റോയൽറ്റി അനുവദിക്കുന്നത്. 03/12/2021 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നം. 976/2021/കൃഷി പ്രകാരം റോയൽറ്റി തുക എല്ലാ വർഷവും നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**സംസ്ഥാനത്തെ 2015-16 മുതൽ 2020-21 വരെയുള്ള വർഷങ്ങളിലെ നെൽകൃഷിയുടെ വിസ്തൃതി സംബന്ധിച്ച വിവരങ്ങൾ**

| **വർഷം** | **നെൽ കൃഷി വിസ്തൃതി (ഹെക്ടർ)** |
|---|---|
| 2015-16 | 196870 |
| 2016-17 | 171398 |
| 2017-18 | 194235 |
| 2018-19 | 202907 |
| 2019-20 | 198180 |
| 2020-21 | 205040 (ഫൈനൽ എസ്റ്റിമേറ്റ് ) |

**സെക്ഷൻ ഓഫീസർ**